# പ്രതിരോധ കുത്തിവയ്പ്പുകൾ

## മിഥ്യയും സത്യവും



**ഡോ. ആർ. കൃഷ്ണമോഹൻ**
MBBS, DNB,
Dip(Allergy & Asthma),
MNAMS
ഐ.എ.പി റെസ്പിറേറ്ററി ചാപ്റ്റർ സംസ്ഥാന കൺവീനർ.
ഇന്ത്യൻ അക്കാഡമി ഓഫ് പീഡിയാട്രിക്സ്, കോഴിക്കോട് ജില്ലാ സെക്രട്ടറി (2015–2016).
ഇന്ത്യൻ അക്കാഡമി ഓഫ് അലർജി അംഗവും സജീവ പ്രവർത്തകനും.
നിലവിലൽ അരീക്കോട് താലൂക്ക് ആശുപത്രിയിൽ ശിശുരോഗ വിദഗ്ദ്ധനായി സേവനം അനുഷ്ഠിക്കുന്നു.

meetkochu@yahoo.com
mob: 9447618144

മാരക രോഗങ്ങൾക്കെതിരെയുള്ള പോരാട്ടത്തിൽ ആധുനിക വൈദ്യശാസ്ത്രത്തിന്റെ ഏറ്റവും മികച്ച ഇടപെടലുകളിൽ ഒന്നാണ് പ്രതിരോധ കുത്തിവയ്പ്പുകൾ അഥവാ വാക്സിനുകൾ. വിനാശകാരികളായ പല രോഗാണുക്കളെയും നിർമ്മാർജ്ജനം ചെയ്യാനും ഫലപ്രദമായി തടയാനും വാക്സിനുകളേക്കാൾ മികച്ച ആയുധം വേറെയില്ല.

വാക്സിനുകളോളം തന്നെ പഴക്കമുണ്ട് വാക്സിൻ വിരുദ്ധപ്രവർത്തനങ്ങൾക്കും. മരുന്നുകളിൽ നിന്നും വ്യത്യസ്തമായി പൂർണ്ണ ആരോഗ്യാവസ്ഥയിൽ നൽകുന്നതിനാൽ വാക്സിനുകൾ മൂലമുണ്ടാകുന്ന വളരെ ചെറിയ പാർശ്വഫലങ്ങൾ പോലും കൂടുതൽ ശ്രദ്ധയാകർഷിക്കുന്നു. വളരെ വിരളമായി ഉണ്ടാവുന്ന ഇത്തരം പാർശ്വഫലങ്ങളെ സത്യത്തിന്റെ കണിക പോലുമില്ലാതെ ഊതിപ്പെരുപ്പിക്കുകയാണ് വാക്സിൻ വിരുദ്ധരുടെ പ്രധാന ജോലി. വാക്സിനുകളുടെ ഉള്ളടക്കം, അവയുടെ ദൂഷ്യഫലങ്ങൾ എന്നിവയെപ്പറ്റി പലവിധ തെറ്റിദ്ധാരണകളും സമൂഹത്തിലുണ്ട്. അശാസ്ത്രീയമായ ചികിത്സാ സമ്പ്രദായങ്ങളുടെ പ്രയോക്താക്കൾ കേവലം സ്വാർത്ഥ ലാഭത്തിനുവേണ്ടി, മതങ്ങളെയും വിശ്വാസങ്ങളെയും കൂട്ടുപിടിച്ചു നടത്തുന്ന ദുഷ്പ്രചരണങ്ങളാണ് ഇവയിൽ ഭൂരിഭാഗവും. കാലങ്ങളായി ഇത്തരം സാമൂഹ്യവിരുദ്ധർ അഴിച്ചു വിടുന്ന വ്യാജപ്രചരണങ്ങളും അവയുടെ സത്യാവസ്ഥയുമാണ് ഈ ലേഖനത്തിനാധാരം.

**അടിസ്ഥാനപരമായി വാക്സിനുകൾ 2 തരം ഉണ്ട്.**

**1. രോഗാണുക്കളെ മൃതമാക്കി ഉപയോഗിക്കുന്നവ**

**2. രോഗാണുക്കളെ ശക്തി ക്ഷയിപ്പിച്ച് ഉപയോഗിക്കുന്നവ**

## വാക്സിനുകളിലെ ചേരുവകളും തെറ്റിദ്ധാരണകളും

അടിസ്ഥാനപരമായി വാക്സിനുകൾ 2 തരം ഉണ്ട്.

1. രോഗാണുക്കളെ മൃതമാക്കി ഉപയോഗിക്കുന്നവ (Killed Vaccine)

2. രോഗാണുക്കളെ ശക്തി ക്ഷയിപ്പിച്ച് ഉപയോഗിക്കുന്നവ (Live Vaccine)

ഇവയുടെ നിർമ്മാണപ്രക്രിയയിൽ പല ഘട്ടങ്ങളിലും സുരക്ഷിതമായ അളവുകളിൽ രാസവസ്തുക്കൾ ഉപയോഗിക്കാറുണ്ട്. എന്നാൽ വാക്സിൻ വിരുദ്ധർ പ്രചരിപ്പിക്കുന്ന പോലെ രഹസ്യമായ കാര്യമല്ല ഇത്. ഓരോ വാക്സിന്റെയും കവറുകൾക്കുള്ളിൽ അവയിലെ ഉള്ളടക്കത്തിന്റെ വിശദമായ കുറിപ്പുകൾ ഉണ്ടാവും.

### ഫോർമാലിൻ
(Formalin)

മേൽപ്പറഞ്ഞ പോലെ നിർമ്മാണ പ്രക്രിയക്കിടയിൽ, രോഗാണുക്കളെ നിർവ്വീര്യമാക്കാനാണ് ഫോർമാലിൻ ഏറ്റവും കുറഞ്ഞ അളവിൽ ഉപയോഗിക്കുന്നത്. വർഷങ്ങൾ നീണ്ട പഠനങ്ങൾ തെളിയിക്കുന്നത് ഈ സുരക്ഷിത അളവിൽ ഫോർമാലിൻ യാതൊരുവിധ ആരോഗ്യ പ്രശ്നങ്ങളും സൃഷ്ടിക്കുന്നില്ല എന്നാണ്.

### തയോമെർസാൽ
(Thiomersal)

ഒന്നിലേറെ ഡോസുകളടങ്ങിയ വാക്സിനുകൾ തുറന്നു വച്ച ശേഷം വീണ്ടും ഉപയോഗിക്കുമ്പോൾ, അണുബാധയേറ്റ് കേടാകാതിരിക്കാൻ ഉപയോഗിക്കുന്ന ''പ്രസർവേറ്റീവ്' (Preservative) എന്ന നിലയിലാണ് തയോമെർസാൽ വാക്സിനുകളിൽ ഉൾപ്പെടുത്തുന്നത്. മനുഷ്യ ശരീരത്തിൽ അധികം തങ്ങിനിൽക്കാത്ത താരതമ്യേന സുരക്ഷിതമായ 'ഇഥൈൽ മെർക്കുറി' (Ethyl Mercury) ആണ് ഇത്. ശാസ്ത്രീയ പഠനങ്ങളിൽ ഒന്നും തന്നെ ഇതിന് പാർശ്വഫലങ്ങൾ ഒന്നും റിപ്പോർട്ട് ചെയ്തിട്ടില്ല. നാം നിത്യേന കഴിക്കുന്ന പല മത്സ്യങ്ങളിലും പച്ചക്കറികളിലും ഇതിലും എത്രയോ കൂടിയ അളവിൽ മെർക്കുറിയുടെ അംശം ഉണ്ട്.

### അലുമിനിയം

വാക്സിനുകളുടെ പ്രവർത്തനം കൂടുതൽ മെച്ചപ്പെടുത്താനും ഉപയോഗിക്കുന്ന അളവ് പരമാവധി കുറയ്ക്കാനും, കുത്തിവച്ചിടത്ത് അവയിലെ പ്രോട്ടീനുകൾ കൂടുതൽ സമയം തങ്ങി നിർത്തേണ്ടതുണ്ട്. ഇതിനു വേണ്ടിയാണ് ശരീരത്തിന് ദോഷമില്ലാത്ത വളരെ ചെറിയ അളവിൽ അലുമിനീയം ഉൾപ്പെടുത്തുന്നത്. നാം ദിവസേന കഴിക്കുന്ന പല ഭക്ഷണങ്ങളിലും ഉള്ളതിനേക്കാൾ എത്രയോ കുറഞ്ഞ അളവിലാണ് ഇവയിൽ അലുമിനിയത്തിന്റെ അളവ്. മാത്രമല്ല ബി,സി.ജി, അഞ്ചാംപനി, MMR എന്നിവയിൽ ഇത് ഉപയോഗിക്കുന്നുമില്ല.

### കുരങ്ങുകളിൽ നിന്നും, മനുഷ്യ ഭ്രൂണങ്ങളിൽ നിന്നുമാണ് കുത്തിവയ്പ്പുകൾ നിർമ്മിക്കുന്നത് എന്ന പ്രചരണത്തിന്റെ സത്യാവസ്ഥ

വാക്സിനുകളുടെ നിർമ്മാണത്തിനായി രോഗകാരികളായ അണുക്കളെ നിയന്ത്രിതമായി വളർത്തിയെടുക്കേണ്ടതുണ്ട്. അതിനു വേണ്ടിയുള്ള ഒരു പോഷക മാധ്യമം എന്ന നിലയിലാണ് കുരങ്ങു കോശങ്ങൾ, മനുഷ്യഭ്രൂണ കോശങ്ങൾ എന്നിവ ഉപയോഗിക്കുന്നത്. വാക്സിൻ നിർമ്മാണത്തിലെ ഏറ്റവും പ്രാരംഭഘട്ടമാണിത്. അതിനുശേഷം നിരവധി ശുദ്ധീകരണ പ്രക്രിയകൾക്കൊടുവിൽ ഉപയോഗയോഗ്യമായ വാക്സിനിൽ ഇവ അതിസൂക്ഷ്മമായ അളവിലേ ഉണ്ടാവുകയുള്ളൂ. മാവിൽ നിന്ന് മാമ്പഴം ഉണ്ടാവുന്നു എന്ന് കരുതി നിങ്ങൾ ഒരു മാംഗോ ജ്യൂസ് കുടിക്കുമ്പോൾ അതിൽ മാവ് ഉണ്ട് എന്ന് പറയുന്നത്  പോലെയാണ് ഈ വിഷയത്തിൽ വാക്സിൻ വിരുദ്ധരുടെ ബാലിശമായ പ്രചാരണങ്ങൾ.

### വാക്സിനുകളും ഓട്ടിസവും


ജന്മനാ തന്നെ ആശയ വിനിമയത്തിലും പരസ്പരം ഉള്ള ഇടപഴകലുകളിലും പാളിച്ചകൾ ഉണ്ടാകുന്ന ഒരു രോഗാവസ്ഥയാണ് 'ഓട്ടിസം.'

എം.എം.ആർ വാക്സിൻ 'ഓട്ടിസം' ഉണ്ടാക്കുന്നു എന്ന ദുഷ്പ്രചരണം തൊണ്ണൂറുകളുടെ അവസാനത്തിലാണ് ഉരുത്തിരിഞ്ഞു വന്നത്. ഈ വിഷയം സൂചിപ്പിച്ച് ആൻഡ്രൂ വേക്വീൽഡ് എന്ന ഡോക്ടർ എഴുതിയ ഒരു ലേഖനം 'ലാൻസറ്റ്' മാസികയിൽ പ്രസിദ്ധീകരിച്ചത് ഈ തെറ്റിദ്ധാരണയ്ക്ക് ശക്തി കൂട്ടി. എന്നാൽ പിന്നീടുള്ള അന്വേഷണത്തിൽ, ഇതുമായി ബന്ധപ്പെട്ട കേസുകൾ വാദിച്ച അഭിഭാഷകന്റെ പ്രേരണ യാൽ, വൻതുക കൈപ്പറ്റി അദ്ദേഹം കൃത്രിമമായി രചിച്ച ഒരു വ്യാജ പഠനം മാത്രമായിരുന്നു അത് എന്ന് തെളിഞ്ഞു. ലാൻസറ്റ് ക്ഷമാപണത്തോടെ ലേഖനം പിൻവലിച്ചു. മെഡിക്കൽ കൗൺസിൽ നടപടി നേരിട്ട വേക്വീൽഡിന്റെ ഡോക്ടർ പദവി നീക്കം ചെയ്തു. ഈ

ചരിത്രം നൽകുന്ന പ്രധാന സന്ദേശം വാക്സിനുകൾ ക്കും ഓട്ടിസത്തിനും തമ്മിൽ യാതൊരു ബന്ധവും ഇല്ല എന്നാണ്.

### വാക്സിനുകളും വന്ധ്യതയും

പോളിയോ പ്രോഗ്രാം തുടങ്ങുന്ന കാലം മുതൽ കേട്ടുവരുന്ന ഒരു നുണപ്രചരണമാണിത്. ഇന്ന് നിലവിലുള്ള ഒരു കുത്തിവയ്പ്പിനും മനുഷ്യന്റെ പ്രത്യുത്പാദന ശേഷിയുമായി യാതൊരു ബന്ധവുമില്ല.



### പെന്റാവാലന്റ് വാക്സിൻ അപകടകാരിയല്ല

പെന്റാവാലന്റ് വാക്സിനിലടങ്ങിയ DPTകഴിഞ്ഞ 40 വർഷങ്ങളായി കാര്യമായ പാർശ്വഫലങ്ങൾ ഒന്നുമില്ലാതെ ഉപയോഗിച്ചു വരുന്നു. ഇതിന്റെ മറ്റു ഘടകങ്ങളായ ഹെപ്പറ്റൈറ്റിസ് ബി, ഹിബ് എന്നിവയ്ക്കു പാർശ്വഫലങ്ങൾ റിപ്പോർട്ട് ചെയ്തിട്ടില്ല. സർക്കാർ തലത്തിൽ ഉപയോഗിച്ചു തുടങ്ങുന്നതിനും ഏകദേശം 10 വർഷം മുമ്പ് തന്നെ സ്വകാര്യമേഖലയിൽ പെന്റാവാലന്റ് വാക്സിൻ വ്യാപകമായി ഉപയോഗിച്ചിരുന്നു. കേരളത്തിൽ പെന്റാവാലന്റ് വാക്സിൻ മൂലം മരിച്ചു എന്നു പറയപ്പെടുന്ന കേസുകളിൽ മരണകാരണം മറ്റു പല കാരണങ്ങൾ മൂലമാണെന്ന് പോസ്റ്റ്മോർട്ടം റിപ്പോർട്ട് വ്യക്തമാക്കുന്നു.

### റുബല്ലാ വാക്സിനും വിവാദങ്ങളും

റുബല്ലാ, അഞ്ചാംപനി പോലെയുള്ള ഒരു വൈറൽ അസുഖമാണ്. റുബല്ലാ രോഗം നിസ്സാരമാണെങ്കിലും, ഗർഭസ്ഥ ശിശുക്കളിൽ അതുണ്ടാക്കുന്ന വൈകല്യങ്ങൾ ഗുരുതരമാണ്. ഇതിനു കൺജെനിറ്റൽ റുബല്ലാ സിൻഡ്രോം എന്ന് പറയുന്നു. ഇത്തരം കുഞ്ഞുങ്ങൾക്ക് അന്ധത, ബധിരത, ബുദ്ധിവൈകല്യം എന്നിവയുണ്ടാവും. ഈ അവസ്ഥയ്ക്ക് ഫലപ്രദമായ ചികിത്സയില്ല. ഇതിന്റെ പ്രാധാന്യം ഉൾകൊണ്ടാണ് കൗമാരക്കാരായ പെൺകുട്ടികൾക്ക് റുബല്ലാ കുത്തിവയ്പ്പ് സൗജന്യമായി നൽകാൻ സർക്കാർ തീരുമാനിച്ചത്. ഇതിനു യാതൊരുവിധ പാർശ്വഫലങ്ങളുമില്ല. മറിച്ചുള്ള പ്രചരണങ്ങൾ അസത്യമാണ്.

രോഗപ്രതിരോധത്തിനുള്ള കവചങ്ങളാണ് വാക്സിനുകൾ. അശാസ്ത്രീയമായ പ്രചരണങ്ങളും തെറ്റിദ്ധാരണകളും മൂലം ഇത്തരം നന്മകൾ ജനങ്ങളിലേക്കെത്താതിരിക്കരുത്. വികസിതരാജ്യങ്ങളിലും, ഒട്ടുമിക്ക അറബ് രാജ്യങ്ങളിലും കുട്ടികളിലെ പ്രതിരോധ കുത്തിവയ്പ്പ് നിയമം മൂലം നിർബന്ധമാണ്. പ്രതിരോധ കുത്തിവയ്പ്പുകളിൽ നിന്നും മുഖം തിരിക്കുന്നത് കേവലം ഒരു വ്യക്തിയുടെ പ്രശ്നമല്ല, മറിച്ച് സമൂഹത്തിന് മൊത്തം ബാധ്യതയാണ്. വ്യക്തിയുടെ ജീവന് വില നൽകി ഹെൽമറ്റും സീറ്റ്ബെൽറ്റും നിർബന്ധമാക്കിയ വ്യവസ്ഥിതിയിൽ സമൂഹത്തിനെ ഒന്നടങ്കം ബാധിക്കുന്ന മാരകരോഗങ്ങൾ തടയുവാനും ശക്തമായ നിയമങ്ങൾ വരേണ്ടതുണ്ട്.

